# ഠശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി
# കൊല്ലം

Ad. A1/02/20/HV/SOU/2025 14/11/2025

## താല്പര്യപത്രം

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സ്ഥാപനങ്ങളിൽ താഴെ വിശദമാക്കിയിട്ടുള്ള പ്രകാരം സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിന് മൂന്നു വശങ്ങളിലും മൂടപെട്ടതും ലോക്കുള്ളതും 5 ടൺ വരെയും, 7 ടൺ വരെയും 10 ടൺ വരെയും ഭാരം വഹിക്കുവാൻ കഴിയുന്നതുമായ ഹെവി വാഹനങ്ങൾ സ്വന്തമായുള്ള വ്യക്തികളിൽ നിന്നോ ഏജൻസികളിൽ നിന്നോ സർവകലാശാല ആവശ്യപ്പെടുന്ന മുറയ്ക്ക് (ലൈസൻസ് ഉള്ള ഡ്രൈവർമാരും ഇന്ധനവും ഉൾപ്പെടെ) ഉത്തരവാദിത്തത്തോടെ സർവീസ് നടത്തുന്നതിനായി കിലോമീറ്റർ നിരക്ക് (മറ്റ് ചിലവുകൾ ഉൾപ്പെടെ) രേഖപ്പെടുത്തി നൽകുന്നതിന് പ്രത്യേകം പ്രത്യേകം താല്പര്യപത്രം ക്ഷണിക്കുന്നു.

1) സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും പരീക്ഷ കേന്ദ്രങ്ങളിലും പരീക്ഷ സാധന സാമഗ്രികൾ എത്തിക്കുന്നതിനും ഉത്തരകടലാസുകൾ തിരികെയെടുക്കുന്നതിനും.

2) സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ലേണർ സപ്പോർട്ട് സെന്ററുകളിൽ സെൽഫ് ലേണിംഗ് മെറ്റീരിയലുകൾ (SLM) എത്തിക്കുന്നതിനും.

താല്പര്യമുള്ളവർ വാഹനവുമായി ബന്ധപ്പെട്ട രേഖകളുടെ (Registration Certificate, Insurance Certificate, Non- Pollution Certificate etc) പകർപ്പുകൾ സഹിതമുള്ള താല്പര്യപത്രം 24/11/2025 വൈകുന്നേരം 3.00 PM ന് മുൻപായി സർവകലാശാലയുടെ രജിസ്ട്രാറുടെ പേരിൽ യൂണിവേഴ്സിറ്റി ആസ്ഥാനത്ത് എത്തിക്കേണ്ടതാണ്.

ലഭിക്കുന്ന ക്വട്ടേഷനുകൾ 24/11/2025 വൈകുന്നേരം 4.00 PM ന് ഹാജരുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന് മുകളിൽ **"വാഹനത്തിനുള്ള ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തേണ്ടതാണ്. സമർപ്പിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും കാരണം പറയാതെ തന്നെ നിരസിക്കുന്നതിനുമുള്ള അധികാരം രജിസ്ട്രാറിൽ നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾക്ക് 9495573663, 9400297410 എന്ന നമ്പറിൽ ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.

**രജിസ്ട്രാർ**

പകർപ്പ്.

1. യൂണിവേഴ്സിറ്റി വെബ്സൈറ്റ്
2. നോട്ടീസ് ബോർഡ്
3. പി.ആർ.ഒ ഓഫീസ്